# വിശേഷതകൾ പ്രഭു പ്രസാദമാണ് അതിനെ വിശ്വ സേവനത്തിൽ അർപ്പിക്കൂ

ഇന്ന് മുതുമുത്തച്ഛനായ ബ്രഹ്മാബാബയും പിന്നെ ശിവബാബയും വിശ്വത്തിലുള്ള തന്റെ ശ്രേഷ്ഠ ഭാഗ്യശാലി ബ്രാഹ്മണകുലത്തിന് വളരെയധികം കോടി–കോടി തവണ തന്റെ ദിവ്യ അലൗകിക ജന്മത്തിന്റെ ആശംസകൾ നൽകുകയാണ്. അതിനോടൊപ്പം അതി സ്നേഹത്തിന്റെ ഹൃദയത്തിൽ നിന്നുമുള്ള പ്രേമത്തിന്റെ ആത്മീയ പുഷ്പങ്ങളാൽ ജന്മദിനത്തിന്റെ മംഗളാശംസകൾ നൽകുകയാണ്. ഓരോരോ ബ്രാഹ്മണാത്മാവിന്റെയും വിശേഷതകളെ കണ്ട് സന്തോഷിക്കുന്നു. ഹൃദയത്തിൽ നിന്നും ഈയൊരു ഗീതം പാടുന്നു – ആഹാ കുട്ടികളേ ആഹാ..! ഇന്നത്തെ ദിവസം അമൃതവേള മുതൽക്ക് എല്ലാവരുടെയും ഹൃദയത്തിൽ നിന്നും ഈയൊരു സന്തോഷത്തിന്റെ അലകൾ കാണപ്പെട്ടിരുന്നു – ആഹാ ബാബയുടെയും എന്റെയും അലൗകിക ജന്മം. ബാബയും എല്ലാ കുട്ടികളുടെയും അമൃതവേള മുതൽക്കുള്ള ആശംസകളുടെ മാല കണ്ട് സന്തോഷിക്കുന്നു. ഈ പിറന്നാൾ മുഴുവൻ കല്പത്തിലും വെച്ച് ഈ സംഗമയുഗത്തിൽ മാത്രമാണ് ആഘോഷിക്കുന്നത്. സത്യയുഗത്തിൽ പോലും ഇതുപോലുള്ള അലൗകിക ജന്മദിനം ആഘോഷിക്കുകയില്ല. അവിടെയും ഇതുപോലുള്ള വിചിത്രമായ ജന്മദിനം ഉണ്ടാവുകയില്ല, അച്ഛന്റെയും കുട്ടിയുടെയും ഒരുമിച്ചുള്ള ജന്മദിനം. ഇതുവരെ നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ, അച്ഛന്റെയും കുട്ടിയുടെയും ഒരുമിച്ചുള്ള ജന്മദിനമെന്ന്. എന്നാൽ ഇന്നത്തെ ദിവസം താങ്കൾ കുട്ടികളുടെയും ബാപ്ദാദയുടെയും ജന്മദിനം ഒരുമിച്ചാണ് ആഘോഷിക്കുന്നത്. അപ്പോൾ ആഹാ! ആഹാ! എന്ന ഗീതം പാടിക്കൊണ്ടിരിക്കുകയല്ലേ! ഇന്ന് ബാപ്ദാദ അമൃതവേളയ്ക്ക് ഒരു മാല നിർമ്മിക്കുകയായിരുന്നു. ഏതു മാല? താങ്കൾ തന്റെ പേരുണ്ടോ,, പേരുണ്ടോ എന്നു ചിന്തിച്ചിരുന്ന 108 ന്റെ ഫൈനൽ മാലയല്ല ഉണ്ടാക്കിയിരുന്നത്, എന്നാൽ ഇന്ന് ആദി മുതൽക്ക് സ്ഥാപനയുടെ സമയം മുതൽക്ക് ഇപ്പോൾ വിനാശത്തിന്റെ സമീപം സമയം വരെക്കും ഏതെല്ലാം കുട്ടികൾ അമർഭവ: എന്ന വരദാനിയായിരുന്നു. അവരുടെ മാലയാണ് ഉണ്ടാക്കിയിരുന്നത്. ഡ്രാമ അനുസരിച്ച് അങ്ങനെയുള്ള വളരെ കുറച്ച് ആത്മാക്കൾക്കാണ് ഉയർന്നതിലും ഉയർന്ന ഭഗവാനോടൊപ്പം, സർവ്വ ചരിത്രങ്ങൾ കാണുവാനും കേൾക്കുവാനുമുള്ള ശ്രേഷ്ഠ ഭാഗ്യം ലഭിച്ചിരിക്കുന്നത്. താങ്കളെല്ലാവരുടെയും പാർട്ടുണ്ട്, എന്തുകൊണ്ട്? ബാപ്ദാദ ബ്രാഹ്മണ വംശാവലിയാണ് നിർമ്മിക്കുന്നത്. അതിനാൽ വിശ്വത്തിലെ കണക്കിൽ ആരെല്ലാമാണോ ബ്രാഹ്മണ ആത്മാക്കളായുള്ളത്, അവർ വളരെയധികം ഭാഗ്യശാലികളാണ്. എന്തുകൊണ്ട്? കോടിയിൽ ചിലരുടെ ലൈനിലാണുള്ളത്, കോടിയിൽ ചിലരിലും ചിലർ. ഒരു വശത്ത് വിശ്വത്തിലെ കോടി ആത്മാക്കൾ, മറുവശത്ത് ഒന്നായി താങ്കൾ ഓരോ ബ്രാഹ്മണാത്മാക്കളും. അപ്പോൾ ജന്മദിനത്തിൽ ബാപ്ദാദ തന്റെ ഓരോ കുട്ടികൾക്കും, എല്ലാവരുടെയുമല്ല, എന്നാൽ ചിലരുടെ ജാതകം നോക്കിക്കൊണ്ട് ഓരോരുത്തരുടെയും വിശേഷതയുടെ മാല കഴുത്തിൽ അണിയുകയാണ്. താങ്കൾ പുതിയവരാണെങ്കിലും ആദിയിലുള്ളവരാണെങ്കിലും മദ്ധ്യത്തിൽ വന്നവരാണെങ്കിലും വിശേഷപ്പെട്ട ആത്മാക്കളാണ്, വിശേഷകതൾ നിറഞ്ഞവരായിരിക്കുക തന്നെ ചെയ്യും. മുഴുവൻ കല്പത്തിലും വിശേഷതയുള്ളവരായിരിക്കുന്നു. മുഴുവൻ കല്പത്തിലും വിശ്വത്തിലെ സർവ്വാത്മാക്കൾക്കും താങ്കൾ ശ്രേഷ്ഠാത്മാക്കളുടെ മേൽ മഹാനതയുടെ ദൃഷ്ടിയുണ്ടായിരിക്കുന്നതാണ്. താങ്കൾ ഓരോരുത്തർക്കും തന്റെ വിശേഷതകളെക്കുറിച്ച് അറിയുമോ? അഥവാ അറിയുന്നു എങ്കിൽ കൈ ഉയർത്തൂ. എല്ലാവരും അംഗീകരിക്കുന്നുണ്ട്, എന്നാൽ ആ വിശേഷതകളെ എന്താണ് ചെയ്യുന്നത്? (സേവനത്തിൽ ഉപയോഗിക്കുന്നു. മറ്റു രീതികളിൽ ഉപയോഗിക്കുന്നില്ലല്ലോ. ഈ വിശേഷതകൾ പ്രഭു പ്രസാദമാണ്. പ്രഭു പ്രസാദം സദാ വിശ്വ സേവനത്തിലാണ് ഉപയോഗിക്കേണ്ടത്. വിശേഷതകൾ അഥവാ നെഗറ്റീവ് രീതിയിലാണ് ഉപയോഗിക്കുന്നത് എങ്കിൽ, അഭിമാനത്തിന്റെ രൂപം വരുന്നു. എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിലേക്ക് വന്നതിനു ശേഷം, ബ്രാഹ്മണ ജീവിതം തെരഞ്ഞെടുത്തതിനു ശേഷം, ബാബയിലൂടെ ധാരാളം വിശേഷതകൾ പ്രാപ്തമാണ്. എന്തുകൊണ്ടെന്നാൽ ബാബയുടേതായതിനു ശേഷം വിശേഷതകളുടെ അധികാരിയുടെ ഖജനാക്കളാണ് പ്രാപ്തമാകുന്നത്. ഒന്നു രണ്ട് വിശേഷതകളല്ല, ധാരാളം വിശേഷതകൾ. ഓർമ്മചിഹ്നത്തിൽ പോലും താങ്കളുടെ വിശേഷത വർണ്ണിക്കുന്നുണ്ട്. 16 കലാ സമ്പന്നം കേവലം 16 കലകൾ എന്നല്ല. 16 അർത്ഥം സമ്പൂർണ്ണമാണ്. സർവ്വഗുണ സമ്പന്നം. സമ്പൂർണ്ണ നിർവ്വികാരി, കേവലം സമ്പൂർണ്ണ നിർവ്വികാരി എന്നല്ല, സമ്പൂർണ്ണം എന്നതിൽ തന്നെ ധാരാളം വിവരണങ്ങളുണ്ട്. അപ്പോൾ വിശേഷതകൾ ബാബയിലൂടെ ഓരോ ബ്രാഹ്മണാത്മാവിനും സമ്പത്തിന്റെ രൂപത്തിൽ പ്രാപ്തമാണ്. എന്നാൽ ആ വിശേഷതകളെ ധാരണ ചെയ്യുക, സേവനത്തിൽ ഉപയോഗിക്കുക. എന്റെ വിശേഷത ഇതാണ് എന്നല്ല, ഇത് പ്രഭുവിന്റെ പ്രസാദമാണ്. പരമാത്മാവിന്റെ പ്രസാദം എന്ന് പറയുന്നതിലൂടെ വിശേഷതകളിൽ പരമാത്മാവിന്റെ ശക്തികൾ നിറയുന്നു. എന്റേത് എന്ന് പറയുന്നതിലൂടെ അഭിമാനവും അപമാനവും രണ്ടും നേരിടേണ്ടി വരുന്നു. ഏതൊരു പ്രകാരത്തിലുള്ള അഭിമാനമായാലും അത് ജ്ഞാനത്തിന്റെ

യോഗത്തിന്റെ സേവനത്തിന്റെ ബുദ്ധിയുടേത്, ഗുണത്തിന്റെത്, ആരിലാണോ അഭിമാനമുള്ളത്, അവരുടെ അടയാളമാണ്, അവർക്ക് വളരെ പെട്ടെന്ന് അപമാനം ഫീലാകുന്നു. അപ്പോൾ വിശേഷാത്മാക്കൾ അർത്ഥം പരമാത്മ പ്രസാദത്തിന്റെ അധികാരികളാണ്.
അപ്പോൾ ഇന്ന് താങ്കളെല്ലാവരും ബാപ്ദാദയുടെ പിറന്നാൾ ആഘോഷിക്കുവാൻ വന്നിരിക്കുകയല്ലേ. ബാപ്ദാദ താങ്കളെല്ലാവരുടെയും പിറന്നാൾ ആഘോഷിക്കുവാൻ വന്നിരിക്കുന്നു. താങ്കളെല്ലാവരും ബാപ്ദാദയുടെ പിറന്നാളാണ് ആഘോഷിക്കുന്നത്, എന്നാൽ ബാപ്ദാദ താങ്കളെല്ലാ ബ്രാഹ്മണ പരിവാരത്തിലുള്ളവരുടെയും പിറന്നാൾ ആഘോഷിക്കുന്നു. ദൂരദേശത്തിൽ വസിക്കുന്നവരാണെങ്കിലും വിദേശത്തിലെ ഓരു കോണിൽ ദൂരെ വസിക്കുകയാണെങ്കിലും ബ്രാഹ്മണ കുലത്തിലുള്ള ബ്രാഹ്മണാത്മാക്കൾ അവരെല്ലാവരുടെയും പിറന്നാളാണ് ബാപ്ദാദ ആഘോഷിക്കുന്നത്. താങ്കളും ആഘോഷിക്കുന്നുണ്ടാവുമല്ലോ. എല്ലാവരുടെയും ആഘോഷിക്കുന്നുണ്ടോ അതോ കേവലം ഇവിടെ ഇരിക്കുന്നവരുടേതു മാത്രമാണോ ആഘോഷിക്കുന്നത്. എല്ലാവരെയും ഓർമ്മയുണ്ടല്ലോ, ഞങ്ങളുടെ ആഘോഷിക്കുന്നുണ്ടോ ഇല്ലയോ എന്ന് എല്ലാവരും നോക്കി കൊണ്ടിരിക്കുകയാണ്. എല്ലാവരുടെ പിറന്നാളും ആഘോഷിക്കുന്നു. സർവ്വർക്കും ആശംസകൾ, ആശമസകൾ, ആശംസകൾ... ആഘോഷിക്കുക അർത്ഥം ഉണർവ്വിലും ഉത്സാഹത്തിലേക്കും വരിക എന്നാണ്. അപ്പോൾ ഹൃദയത്തിൽ ഉത്സാഹമില്ലേ. ആഹാ! എന്റെ അലൗകിക ജന്മ ദിനം!
അപ്പോൾ ഇന്ന് അമൃതവേള മുതൽക്ക് ജന്മദിനത്തിന്റെ ഉണർവ്വും ഉത്സാഹവും എല്ലാവരിലും വളരെയധികം കണ്ടു. ബാപ്ദാദ കാർഡുകളും കണ്ടു, താങ്കൾ ഈ കണ്ണുകളിലൂടെ കാണുന്നു. ബാപ്ദാദ സൂക്ഷ്മത്തിൽ താങ്കളെക്കാളും മുന്നേ തന്നെ കാണുന്നു. എന്നാൽ ബാപ്ദാദ കണ്ടത്, എല്ലാവരും തന്റെ ഹൃദയത്തിന്റെ ഉണർവ്വും ഉത്സാഹവും കാണിക്കുവാനായി എത്ര ഉണർവ്വിലും ഉത്സാഹത്തിലുമാണിരിക്കുന്നത്. ഇന്നത്തെക്കാലത്ത് ഈമെയിൽ വളരെ സുലഭമാണല്ലോ. ബാപ്ദാദയക്ക് പക്കൽ എല്ലവരുടെയും എല്ലാം എത്തുമല്ലോ. അത് ഈമെയിലാണെങ്കിലും കാർഡാണെങ്കിലും കത്താണെങ്കിലും ഹൃദയത്തിന്റെ സങ്കല്പമാണെങ്കിലും എല്ലാം എത്തുന്നുണ്ടല്ലോ. അമൃതവേള മുതൽ വതനത്തിൽ അഥവാ നാനവശത്തുമുള്ള കാർഡും ഇമെയിലും സങ്കല്പങ്ങളും ഒരുമിപ്പിക്കുകയാണെങ്കിൽ വളരെയധികം ആനന്ദമാണ്. ഈ ചിത്ര പ്രദർശിനി വിചിത്രമാണ്. പിറന്നാളിൽ ഭാവിയിലേക്കു വേണ്ടിയുള്ള സങ്കല്പമെടുക്കുന്നു. എങ്ങനെയാണോ പിറന്നാളിൽ ഓരോ വർഷം കൂടുന്തോറും വയസ്സ് കൂടുന്നത്, അതുപോലെതന്നെ പുരുഷാർത്ഥത്തിൽ, അഥവാ തന്റെ ഈ അമൂല്യ ജീവിതത്തിൽ, മനസ്സിൽ അർത്ഥം സങ്കല്പത്തിൽ ബുദ്ധിയുടെ നിർണ്ണയ ശക്തിയിൽ വാണിയിൽ സെക്കന്റിൽ സഫലതാമൂർത്തിയാകാനുള്ള ശക്തി, സംബന്ധ സമ്പർക്കത്തിൽ ഓരോ സമയത്തും സമ്പർക്കത്തിലേക്ക് വരുന്നവർക്ക് എന്തെങ്കിലുമൊക്കെ പ്രാപ്തിയുടെ അനുഭൂതി ഉണ്ടാകണം. ഇതുപോലെ തന്റെ ഭാവിയിലേക്കുള്ള വർഷങ്ങളിൽ ദൃഢതയുടെ വ്രതമെടുത്തിട്ടുണ്ടോ? എന്തുകൊണ്ടെന്നാൽ വിശേഷിച്ചും ശിവജയന്തിയുടെ ദിനം രണ്ടു ലക്ഷ്യം ബ്രാഹ്മണാത്മാക്കളിലുണ്ടാകുന്നു – ഒന്ന് സ്വയത്തോടുള്ള പ്രതിജ്ഞ, രണ്ടാമത് ബാബയുടെ പ്രത്യക്ഷതയുടെ കൊടി പാറിക്കുക, ഈ രണ്ട് വിശേഷ ലക്ഷ്യം ഈ ദിനം ഓരോ ആത്മാവിലുമുണ്ടാകുന്നു. അപ്പോൾ ബാപ്ദാദ താങ്കളെല്ലാവരും ചെയ്ത പ്രതിജ്ഞയുടെ (കഴിഞ്ഞു പോയ സമയത്ത്) കണക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ വർഷവും ഓരോരുത്തർ വിധി പൂർവ്വം സങ്കല്പത്താലും വാണിയാലും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. വളരെ നല്ല രീതിയിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നത്തേതിനു ശേഷം, ഈ ജന്മദിനത്തിനു ശേഷം ഒരു വാക്ക് വിശേഷിച്ചും അടിവരയിടണം. ഒരു സാധാരണ വാക്കാണ്, പുതിയതല്ല. ആ വാക്കാണ് നിരന്തരം ദൃഢത. ഇടയ്ക്ക് ദൃഢതയുടെ കാര്യത്തിൽ അലസരാകരുത്. അഥവാ നിരന്തരം ദൃഢതയുണ്ടെങ്കിൽ അതിന്റെ അടയാളമാണ് – നിരന്തരം ഓരോ സങ്കല്പവും വാക്കും, കർമ്മത്തിലൂടെ സ്വയത്തിലും സേവനത്തിലും സംബന്ധത്തിലും 100% സഫലത. ഏതു വരെ ഈ കാര്യങ്ങളിലെല്ലാം ബ്രാഹ്മണർക്ക് സഫലത കുറവുണ്ടോ, അതു വരെയും പ്രത്യക്ഷത ഡ്രാമാ അനുസരിച്ച് തടസ്സപ്പെട്ടിരിക്കും. സഫലതയാണ് പ്രത്യക്ഷതയുടെ ആധാരം. ഓരോ വാക്കും സഫലാപൂർവ്വമായിരിക്കണം. ഓരോ സങ്കല്പവും സഫലതാപൂർവ്വമായിരിക്കണം. അതിനാൽ ഇന്നത്തെക്കാലത്തെ ഓർമ്മചിഹ്നത്തിൽ ഗുരുക്കന്മാരെ പ്രതി സത് വചൻ മഹാരാജ് എന്ന് പറയാറുണ്ട്. അവർ അസത്യമാണ് പറയുന്നതെങ്കിലും സത് വചൻ മഹാരാജ് എന്നാണ് ഭക്തർ പറയുന്നത്. അപ്പോൾ ഇത് താങ്കളുടെ വചനത്തിന്റെ മഹിമയാണ്. മഹാരാജൻ അഥവാ മഹാനായി മാറുന്നത് താങ്കൾ തന്നെയല്ലേ. അതിനാൽ സത് വചൻ മഹാരാജ് അർത്ഥം മഹാൻ ആത്മാക്കൾ. ഇങ്ങനെയൊരിക്കലും ചിന്തിക്കരുത്, എന്റെ ഭാവം ഇതല്ലായിരുന്നു, എന്നാൽ പറഞ്ഞു പോയി, അറിയാതെ വീണു പോയി, ഭാവമോ ഭാവനയോ കൂടാതെ അറിയാതെ വാക്കുകൾ വീഴില്ല. ഇത് വെറുതെ പറയുകയാണ്. ഇടയ്ക്ക് അറിയാതെ വീണു എന്ന് പറയുന്നുണ്ടല്ലോ എന്തുകൊണ്ടാണിങ്ങനെ വീഴുന്നത്? നിയന്ത്രണ ശക്ത ഇല്ലാത്തതുകൊണ്ടാണോ ഇങ്ങനെ വീഴുന്നത്. വീണു പോയി, സംഭവിച്ചു പോയി എങ്കിൽ രാജാവല്ല. ഏതെങ്കിലും കർമ്മേന്ദ്രിയത്തിന്

വശപ്പെട്ടിട്ടാണല്ലോ. ഇങ്ങനെ പറയുന്നത്.
അപ്പോൾ ഈ വർഷം ആശംസകളോടൊപ്പം നിരന്തരം ഓരോ കാര്യത്തിലും ദൃഢത അടിവരയിടണം. ഇന്ന് പിറന്നാളായതിനാൽ ബാപ്ദാദ കേൾപ്പിക്കുന്നില്ല. എന്നാൽ എല്ലാവരുടെയും ചാർട്ടിലൂടെ ബാപ്ദാദ ഒരു കാര്യം നോട്ട് ചെയ്തു. അത് അവസാനത്തെ മിലനത്തിൽ കേൾപ്പിക്കാം. ഇന്ന് ആഘോഷിക്കുവാനാണ് വന്നിരിക്കുന്നത്, കേൾപ്പിക്കാനല്ല. 15 ദിവസത്തിനു ശേഷം കേൾപ്പിക്കാം. (ബാപ്ദാദ കേൾപ്പിക്കുകയാണെങ്കിൽ 15 ദിവസത്തിനുള്ളിൽ എല്ലാം ശരിയാവുന്നതാണ്) ശരി, എല്ലാവരും ഇത് പറയൂ 15 ദിവസത്തിനുള്ളിൽ, തിരുത്താൻ തയ്യാറാകുമോ? എന്നാൽ കേൾപ്പിക്കുന്നത് ശരിയാണ്. അഥവാ 15 ദിവസത്തിനുള്ളിൽ പരിവർത്തനം സംഭവിക്കുന്നു എങ്കിൽ ബാപ്ദാദ എന്തു ചെയ്യുമെന്ന് അറിയില്ല. അപ്പോൾ കേൾപ്പിക്കട്ടെ? 15 ദിവസത്തിനുള്ളിൽ പരിവർത്തനം സംഭവ്യമാണോ? സങ്കല്പമെടുക്കാമോ? ശരി, പാണ്ഡവർ ചെയ്യുമോ എന്ന് കേൾപ്പിക്കൂ. കേൾക്കാൻ എളുപ്പമാണ്. ചെയ്യുമോ? ചെയ്യേണ്ടി വരും. (ബാപ്ദാദ പിറകിലുള്ളവർ മാതാക്കൾ, ടീച്ചേഴ്സ്, ഡബിൾ ഫോറിനേഴ്സ് എല്ലാവരോടും ചോദിക്കു, എല്ലാവരും കൈ വീശി) എല്ലാവരും കൈകൾ നന്നായി വീശുന്നുണ്ട്.
ഡബിൾ വിദേശികളുടെ മൂന്നു ഗ്രൂപ്പുണ്ടല്ലോ.. (അന്തർമുഖി, മസ്താനാ, ശക്തിഗ്രൂപ്പ്)
ശരി, അന്തർമുഖി ഗ്രൂപ്പ് കൈകൾ ഉയർത്തൂ, അന്തർമുഖി ഗ്രൂപ്പിൽ വളരെ ചുരുക്കം പേരെ ഉള്ളൂ. രണ്ടാമത്തെ ഗ്രൂപ്പ് മസ്താന, ഈ ഗ്രൂപ്പിലുള്ളവർ എഴുന്നേൽക്കൂ, സദാ ലഹരിയോടെ ഇരിക്കുന്നവരല്ലേ. മസ്താനാ അർത്ഥം എന്താണ്? സദാ മസ്ത്(ലഹരിയോടെ) ഇരിക്കുന്നവർ. മൂന്നാമത്തെ ഗ്രൂപ്പ് – ശക്തി ഗ്രൂപ്പ്. ശക്തി ഗ്രൂപ്പിലുള്ളവർ ശക്തിശാലിയാണ്. പേരുകളെല്ലാം വളരെ നല്ല രീതിയിൽ വെച്ചിട്ടുണ്ട്. നോക്കൂ, ആരംഭത്തിൽ എപ്പോഴാണോ ഭട്ഠികൾ ഉണ്ടായിരുന്നത്, അപ്പോൾ നിങ്ങളുടെ ഗ്രൂപ്പുകളുടെ പേര് എന്തെല്ലാമായിരുന്നു? (ഡിവൈൻ യൂണിറ്റി, മനോഹർ പാർട്ടി, സുപ്രീം പാർട്ടി) പേരുകൾ അതിമനോഹരം. അപ്പോൾ ഈ ഗ്രൂപ്പും വളരെ നല്ലതാണ്. പേരുകൾ ഓർമ്മയിലുണ്ടെങ്കിൽ പേരിനൊപ്പം കർത്തവ്യവും ഓർമ്മയുണ്ടാകുന്നു. ശരി, ഡബിൾ വിദേശി കുമാരന്മാർ എഴുന്നേൽക്കൂ. വളരെ നല്ലതാണ് ചെയ്തത്, ബാപ്ദാദ ഡബിൾ വിദേശികളുടെ റിഫ്രെഷ്മെന്റിന്റെ വാർത്തകൾ വളരെ നല്ല രീതിയിൽ കേട്ടു. ബാപ്ദാദ ഹൃദയത്തിൽ നിന്ന് ആശീർവ്വാദങ്ങൾ നൽകുന്നു. എന്നാൽ എല്ലാ ഗ്രൂപ്പിനോടും ഇന്ന് ഏതു കാര്യത്തിലാണോ അടിവരയിടാൻ പറഞ്ഞത്, അത് ഓർമ്മിപ്പിക്കുകയാണ്.
ഡബിൾ വിദേശി ടീച്ചർമാർ വളരെയധികമുണ്ട്. ടീച്ചർ അർത്ഥം വളരെ ശ്രേഷ്ഠ ഭാഗ്യത്തിന്റെ അടയാളമാണ്. എന്തുകൊണ്ടെന്നാൽ ബാപ്ദാദ ടീച്ചർമാരെ ഗുരുഭായി എന്ന ദൃഷ്ടിയിലാണ് കാണുന്നത്. ഇത്രയ്ക്കും സമാന രൂപത്തിലാണ് കാണുന്നത്. എന്തുകൊണ്ടെന്നാൽ ബാബയുടെ ആസനത്തിൽ ഇരിക്കുന്നവരാണ്. ടീച്ചർമാർക്ക് ഈയൊരു അധികാരമാണ് ലഭിക്കുന്നത്. ഗുരുവിന്റെ ഗദ്ദി(സിംഹാസനം) എന്നതുപോലെ ഇത് മുരളിയുടെ സിംഹാസനമാണ്. മുരളി ധാരണ ചെയ്യിക്കുക, കേൾപ്പിക്കുക. മുരളി കേൾപ്പിക്കുക എന്നത് മാത്രമല്ല, മുരളി ധാരണ ചെയ്യിക്കണം. അതിനാലാണ് ടീച്ചേഴ്സിന് ബാപ്ദാദ ഗുരുഭായി എന്ന സിംഹാസനം നൽകിയത്. വിദേശത്താണെങ്കിൽ എല്ലാവരും എത്രയും പെട്ടെന്ന് സിംഹാസനധാരിയാകുന്നു. ബാപ്ദാദയ്ക്ക് സന്തോഷമാണ്, ഉത്തരവാദിത്വത്തിന്റെ കിരീടത്തെ ധാരണ ചെയ്യുക എന്നത്. ധൈര്യം വെക്കണം, ഇതും ചെയറിയൊരു കാര്യമല്ല. എന്നാൽ ഗുരുഭായി അർത്ഥം ബാബയ്ക്ക് സമാനം. എല്ലാവർക്കും ബാബയ്ക്ക് സമാനമാവുക തന്നെ വേണമല്ലോ. എന്നിരുന്നാലും ടീച്ചർമാർക്ക് വിശേഷ ഉത്തരവാദിത്വത്തിന്റെ കിരീടമുണ്ട്. ബാപ്ദാദയ്ക്കും ടീച്ചേഴ്സിന്റെ കൂട്ടായ്മ വളരെ നല്ലതായി തോന്നുന്നു. എന്നാൽ ഇന്നത്തെ വിശേഷ ശ്രദ്ധ നിരന്തരം അറ്റൻഷൻ എന്നാണ്.
ശരി, ഭാരതത്തിലുള്ള ടീച്ചർമാർ എഴുന്നേൽക്കൂ, ഭാരതത്തിലെ ടീച്ചർമാരും ഒട്ടും പിറകിലല്ല. അപ്പോൾ കേട്ടല്ലോ ടീച്ചർമാരെ ബാപ്ദാദ ഏത് ദൃഷ്ടിയിലാണ് കാണുന്നതെന്ന്. ഇത് ക്ലാസ്സിന്റെ, മുരളി കേൾപ്പിക്കുവാനുള്ള സീറ്റാണ്. വളരെ ഭാഗ്യശാലികളാണ്. വളരെ–വളരെ–വളരെ ഭാഗ്യശാലിയാണ്. എന്തുകൊണ്ടെന്നാൽ സാകാര രൂപത്തിൽ നിമിത്തമായി ആരാണ്? ദാദിമാരിൽ ഒരാൾ വിദേശത്ത് വസിക്കുന്നു, മറ്റൊരാൾ മധുബനിലും, എന്നാലും ഓരോ സ്ഥാനത്തും സാകാര രൂപത്തിൽ നിമിത്ത ടീച്ചർമാരുണ്ട്, നിമിത്ത പാണ്ഡവരുമുണ്ട്. അല്ലാതെ ടീച്ചർമാർ മാത്രമല്ല, പാണ്ഡവരുമുണ്ട്. അവരെ നിങ്ങൾ വരിഷ്ഠ സഹോദരൻ എന്നല്ലേ പറയാറ്. പാണ്ഡവർ തീർച്ചയായും ആവശ്യം തന്നെയാണ്. ശക്തികളുടെയും പാണ്ഡവരുടെയും കൂട്ടായ്മയിലൂടെ തന്നെയാണ് ആദിയിൽ കാര്യങ്ങൾ നടന്നിരുന്നത്. കുറച്ച് പാണ്ഡവർ മാത്രമാണ് ഉണ്ടായിരുന്നത്, എങ്കിലും വിശ്വകിശോർ ഭാവു ഉണ്ടായിരുന്നല്ലോ. ആനന്ദ് കിശോർ ഭായി, വിശ്വ കിശോർ ഭായി ഇവരെല്ലാം ആരംഭത്തിലുണ്ടായിരുന്നു. അപ്പോൾ പാണ്ഡവരുടെ കൂട്ടായ്മ ഉണ്ടായിരുന്നല്ലോ. എന്നാൽ കൂടുതലും നിമിത്തമാകുന്നത് ടീച്ചേഴ്സ് സഹോദരിമാണ്. പാണ്ഡവർ ബാക്ക്ബോണാണ്(നട്ടെല്ല്). ടീച്ചർമാരുടെ ബാക്ക്ബോണാണ്. ഓരോരുത്തർക്കും അവരവരുടെതായ പാർട്ടുണ്ടല്ലോ. എന്നാൽ വിദേശത്തെ വിശേഷതയിതാണ്, പാണ്ഡവരും ടീച്ചർമാരാകുന്നു. എന്നാൽ ഭാരതത്തിൽ ഇത് കുറവാണ്. അപ്പോൾ ടീച്ചേഴ്സിനോട് സദാ ബാപ്ദാദ പറയുന്നു, ടീച്ചേഴ്സ് അർത്ഥം

തന്റെ ഫീച്ചറിലൂടെ(സ്വരൂപത്തിലൂടെ) ബാബയെ പ്രത്യക്ഷമാണം. ഫീച്ചേഴ്സിലൂടെ ഫ്യൂച്ചർ(ഭാവി) സ്പഷ്ടമായി കാണിക്കണം. അപ്പോൾ അങ്ങനെയുള്ള ടീച്ചർമാരല്ലേ. താങ്കളെ കാണുമ്പോൾ മറ്റുള്ളവർക്ക് ബാപ്ദാദയുടെ പാലന അനുഭവമാകണം. പരമാത്മ ഗുണങ്ങൾ, പരമാത്മ ശക്തികൾ, താങ്കളുടെ മുഖത്തിലൂടെ കാണപ്പെടണം. വാക്കുകളിലൂടെ കാണപ്പെടണം. അല്ലാതെ ഇന്ന ടീച്ചർ പറഞ്ഞു എന്നാകരുത്. ബാപ്ദാദ ടീച്ചേഴ്സിന്റെ ഫീച്ചേഴ്സിലൂടെ(സ്വരൂപത്തിലൂടെ) അനുഭവം ചെയ്യിച്ചു. ബാബയുമായി ഓരോരുത്തരുടെയും കണക്ഷൻ യോജിപ്പിക്കണം. ഇതാണ് ടീച്ചേഴ്സിന്റെ കർത്തവ്യം. ഓരോരുത്തരുടെയും ഹൃദയത്തിൽ നിന്നും ഓരോ സമയവും ബാബാ എന്ന് വരണം.

ഈ ഗ്രൂപ്പുകളും ഉണ്ടാക്കിയത് നല്ലതിനാണ്. എന്തുകൊണ്ടെന്നാൽ വ്യക്തിപരമായ റിഫ്രെഷ്മെന്റ് ലഭിക്കുന്നതിലൂടെ നല്ല അനുഭൂതിയുണ്ടാകുന്നു. ഈ ഗ്രൂപ്പുകളിൽ നല്ല റിസൾട്ടുണ്ടല്ലോ. നല്ലത്.

നാനാവശത്തുമുള്ള ജന്മോത്സവം ആഘോഷിക്കുന്ന ശ്രേഷ്ഠ ബ്രാഹ്മണാത്മാക്കൾക്ക്, സദാ അലൗകിക ജന്മത്തിൽ അലൗകിക ദിവ്യ കർത്തവ്യം ചെയ്യുന്ന, ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ഒരു ബാബ രണ്ടാമതാരുമില്ല, ഇങ്ങനെ ഏകനാമിയും സർവ്വ ഖജനാക്കളുടെയും എക്കോണമിയുടെ(മിതവ്യയം) അവതാരവുമാകുന്ന കുട്ടികൾക്ക്, സദാ ഓരോ വരദാനത്തെയും സമ്പത്തിനെയും ജീവിതത്തിലൂടെ പ്രത്യക്ഷമാക്കുന്ന, ഉണർവ്വ്-ഉത്സാഹത്തിൽ ഇരിക്കുന്ന കുട്ടികൾക്ക്, ബാപ്ദാദയുടെ അലൗകിക ജന്മത്തിന്റെ ആശംസകൾ സഹിതം, സ്നേഹസ്മരണകളും നമസ്തെയും..

ദാദിമാരോട് - ദാദിജി ബാപ്ദാദയ്ക്ക് പിറന്നാളാശംസകൾ വളരെയധികം നൽകി

ഇന്നത്തെ മാലയിൽ താങ്കളെല്ലാവരും ഉണ്ട്. മാല സ്മരിച്ചല്ലോ. ആദിയിലെ സ്ഥാപനയിലുള്ള രത്നങ്ങൾ, അപ്പോൾ മാലയിലെ മണികളല്ലേ. നല്ലതാണ് സ്ഥാപനയുടെ കാര്യത്തിലും നിമിത്തമായി, പാലനയിലും നിമിത്തമായി, ഇപ്പോൾ ബാബയോടൊപ്പം പോകുന്നതിലും നിമിത്തമാകും. ബാപ്ദാദ വാതിൽ ഒറ്റയ്ക്ക് തുറക്കുമോ? (ഇല്ല). താങ്കൾക്കായി പ്രതീക്ഷിച്ചിരിക്കുകയാണ്. താങ്കൾ വന്നാൽ വാതിൽ തുറക്കാം. എന്നാൽ സേവനവും പൂർത്തീകരിക്കണമല്ലോ, എന്തുകൊണ്ടെന്നാൽ സാകാരത്തിൽ താങ്കളെല്ലാവരുമാണ് നിമിത്തമായത്. അപ്പോൾ സാകാരത്തിലെ കാര്യങ്ങളെ പൂർത്തിയാക്കണമല്ലോ. ഇന്നത്തെക്കാലത്ത് എല്ലാവരും ആരെയാണ് കാണുന്നത്? എല്ലാവരുടെയും ദൃഷ്ടി എങ്ങോട്ടാണ് പോകുന്നത്? താങ്കളെല്ലാവരിലേക്കുമല്ലേ. ആരാണോ നിമിത്തമായവർ അവരിലേക്കാണ് എല്ലാവരുടെയും ദൃഷ്ടി പോകുന്നത്. ബാപ്ദാദ തന്റെ ദൃഷ്ടിയിൽ എല്ലാവരെയും ഉൾക്കൊള്ളിച്ചു, എന്തുകൊണ്ടെന്നാൽ ബാബയുടെ ദൃഷ്ടി ചെറുതൊന്നുമല്ലല്ലോ. പരിധിയില്ലാത്ത ദൃഷ്ടിയാണ്. എല്ലാവരും ബാബയുടെ പ്രകാശ രത്നങ്ങളായ കുട്ടികളാണ്. വളരെ നല്ലത്. ഓരോരുത്തരും അവരവരുടെതായ പാർട്ടുകൾ അഭിനയിച്ചുകൊണ്ടിരിക്കുന്നുണ്ട്. അഭിനയിക്കുക തന്നെ വേണമല്ലോ. ഡ്രാമയിൽ ബന്ധിതരാണ്. ആനന്ദം തോന്നുന്നില്ലേ! വളരെ നല്ലത്.

## വരദാനം - അല്പകാലത്തെ ആശ്രയങ്ങളുടെ തീരത്തെ ഉപേക്ഷിച്ച് ഒരു ബാബയെ തന്റെ ആശ്രയമാക്കി മാറ്റുന്ന യഥാർത്ഥ പുരുഷാർത്ഥിയായി ഭവിയ്ക്കട്ടെ

ഒരു തവണ ചെയ്ത തെറ്റ് വീണ്ടും ആവർത്തിക്കുക എന്നതല്ല പുരുഷാർത്ഥത്തിന്റെ അർത്ഥം. പുരുഷാർത്ഥത്തെയല്ല ആശ്രയിക്കേണ്ടത്. യഥാർത്ഥ പുരുഷാർത്ഥി അർത്ഥം പുരുഷനായി(ആത്മാവ്) തന്റെ രഥം ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യുന്നവർ. ഇപ്പോൾ അല്പകാല ആശ്രയങ്ങളുടെ തീരങ്ങളെ ഉപേക്ഷിക്കൂ. പല കുട്ടികളും ബാബയ്ക്കു പകരം പരിധിയുള്ള തീരങ്ങളെ തന്റെ ആശ്രയമാക്കി മാറ്റുന്നു. തന്റെ സ്വഭാവ സംസ്കാരങ്ങളായാലും, അത് പരിതസ്ഥിതിയായാലും.. ഈ അല്പകാല ആശ്രയങ്ങളെല്ലാം തന്നെ കാഴ്ചയ്ക്കു മാത്രമാണ്. ചതിക്കുന്നതാണ്. ഒരേയൊരു ബാബയുടെ ആശ്രയം തന്നെയാണ് ഛത്രഛായ (കുടക്കീഴ്).

## സ്ലോഗൻ - മായയെ ദൂരെ നിന്നു തന്നെ തിരിച്ചറിഞ്ഞ് സ്വയത്തെ സമർത്ഥരാക്കുന്നവരാണ് ജ്ഞാനികളായ കുട്ടികൾ.